പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7539 — 17/7/2012- ൽ മറുപടിയ്ക്ക്

## എല്ലാപഞ്ചായത്തുകളിലും അറവുശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു അംഗീകൃത അറവുശാലയെങ്കിലും നിർബന്ധമായും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; | (എ) ഗ്രാമപഞ്ചായത്തുകളിൽ ഒരു ശുചിത്വ പദ്ധതി- തയ്യാറാക്കണമെന്നും അതിൽ വൃത്തിയും വെടിപ്പുമുള്ള അറവുശാലകൾ സ്ഥാപിക്കണമെന്നും 11-ാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്ക്കർഷിച്ചിരുന്നു. വാർഷിക പദ്ധതിയിൽപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) അറവുശാലകളിൽ ഉത്പാദിപ്പിക്കുന്ന മാലിന്യം അവിടെ തന്നെ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം കർശനമാക്കുമോ; | (ബി) കർശനമാക്കിയിട്ടുണ്ട്. നിലവിലുള്ള അറവുശാലകളിൽ മാലിന്യം അവിടെതന്നെ സംസ്ക്കരിക്കുന്നതിനായുള്ള സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കി വരുന്നു. |
| (സി) അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾക്കെതിരെ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ; | (സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും കേരള പഞ്ചായത്ത് രാജ് ആക്ടിലെയും ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാതെയും ലൈസൻസില്ലാതെയും അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയവ അടച്ചു പൂട്ടാനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റികളിൽ മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അനധികൃത അറവുശാലകൾ മൂലം സംസ്ഥാനത്ത് മാലിന്യ നിക്ഷേപം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | അനധികൃത അറവുശാലകൾക്കെതിരെ ക്രിമിനൽ കേസടക്കമുള്ള നടപടികളെടുക്കാവുന്ന രീതിയിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | 2006 ഡിസംബർ 10-ന് പുറപ്പെടുവിച്ച ബഹു.ഹൈക്കോടതി വിധി പ്രകാരം അറവുശാലക്കോ അറവുനടത്തുന്ന ആളിനോ ലൈസൻസ് ഇല്ലാതെ അറവു നടത്താൻ പാടുള്ളതല്ല എന്നും മാംസം പ്രദർശിപ്പിച്ചു കൊണ്ടുള്ള വിൽപനകേന്ദ്രങ്ങൾ അടച്ചു പൂട്ടേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഇതിനായി മുനിസിപ്പൽ ആക്റ്റ്, പഞ്ചായത്ത് ആക്റ്റ് എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്ന നഗരസഭയ്ക്കും പഞ്ചായത്തുകൾക്കും വേണ്ട സഹായങ്ങൾ നൽകുന്നതിന് പോലീസ് വകുപ്പിനെ സമീപിച്ചാണ് ഇപ്പോൾ നടപടി എടുത്തു വരുന്നത്. |

സെക്ഷൻ ഓഫീസർ